കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റ് 2015 - തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.215/2015/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21.01.2015.

---

പരാമർശം:-

1. സാമൂഹ്യനീതി ഡയറക്ടറുടെ 12.01.2015-ലെ ഐ.സി.പി.എസ്സ്-2/8039/14 കത്ത്.
2. വികേന്ദ്രീകൃതാസൂത്രണത്തിനായിട്ടുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.01.2015 തീയതിയിലെ 3.1 നമ്പർ തീരുമാനം.

**ഉത്തരവ്**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെ പങ്കെടുപ്പിച്ച് 2015 ജനുവരി 29, 30 തീയതികളിൽ തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ വച്ച് ചിൽഡ്രൻസ് ഫെസ്റ്റ് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ടി പരിപാടിയുടെ നടത്തിപ്പ് ചെലവുകൾക്കായി തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2015 ജനുവരി 29, 30 തീയതികളിൽ തൃശ്ശൂർ ചിൽഡ്രൻസ് ഹോമിൽ സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സംസ്ഥാന ചിൽഡ്രൻസ് ഫെസ്റ്റിന്റെ നടത്തിപ്പിന് തൃശ്ശൂർ ജില്ലയിലെ കോർപ്പറേഷൻ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ യഥാക്രമം പരമാവധി 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം), 10,000/- (പതിനായിരം രൂപ മാത്രം), 5,000/- (അയ്യായിരം രൂപ മാത്രം) അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് 2015-ന്റെ സ്വാഗത സംഘം ജനറൽ കൺവീനറായ തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതും അതിന്മേലുള്ള ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
പി.റംലത്ത്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ. (ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. ( ബന്ധപ്പെട്ട നഗരസഭകൾക്ക് പകർപ്പ് നൽകേണ്ടതാണ്)
ചെയർമാൻ / സെക്രട്ടറി, തൃശ്ശൂർ നഗരസഭ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്യർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.